പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിനാലാമത് റിപ്പോർട്ട്

2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ വനനശീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**മുപ്പത്തിനാലാമത് റിപ്പോർട്ട്**

2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്

**[പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ (കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ വനനശീകരണം സംബന്ധിച്ച്) ശിപാർശകളിന്മേൽ/നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

320/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| അദ്ധ്യായം I : റിപ്പോർട്ട് | .. | 1 |
| അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിവരം | .. | I |

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. സി. പി. മുഹമ്മദ്

<u>അംഗങ്ങൾ</u> :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

ശ്രീ. എ. എം. ആരിഫ്

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

ശ്രീ. കെ. എം. ഷാജി

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)-യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ നിയോഗാനുസരണം മുപ്പത്തിനാലാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം I

പരിസ്ഥിതി സംബന്ധിച്ച സമിതി (1996-1998)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് (കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ വനനശീകരണംമൂലം സംജാതമാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച്) 1998 ആഗസ്റ്റ് 5-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു.

2. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി ഫോറസ്റ്റ് റെയ്ഞ്ചിന്റെ കീഴിലുള്ള കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിൽ വൻതോതിലുള്ള വനനശീകരണം നടക്കുന്നതിന്റെ ഭാഗമായി രൂക്ഷമായ കുടിവെള്ളക്ഷാമം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രശ്നങ്ങൾ ഉണ്ടാകുന്നതായി കാണിച്ച് സമിതിക്ക് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ ജനപ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവർത്തകർ, പഞ്ചായത്ത് അധികൃതർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, രാഷ്ട്രീയ പാർട്ടി പ്രവർത്തകർ എന്നിവരുമായി സമിതി ചർച്ച നടത്തുകയും വനനശീകരണം നടക്കുന്ന പ്രദേശങ്ങൾ സന്ദർശിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സമിതി (1996-1998)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിൽ ആകെ 11 ശിപാർശകളാണ് ഉണ്ടായിരുന്നത്. സമിതിയുടെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പ്രതി 19-12-1998-ന് ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ വനം-വന്യജീവി, റവന്യൂ, വിജിലൻസ്, ആഭ്യന്തരം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ഏതാനും സർക്കാർ മറുപടികളിന്മേൽ അധികവിവരം ആരായുകയും ചെയ്യുകയുണ്ടായി.

3. സമിതി (1996-1998)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ ലഭ്യമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകൾ, സമിതി ആവശ്യപ്പെട്ട അധികവിവരം, അതു സംബന്ധിച്ച സമിതി തീരുമാനം എന്നീ വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതി (1996-1998)-യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയിന്മേൽ വിവിധ സർക്കാർ വകുപ്പുകൾ സ്വീകരിച്ച നടപടികൾ, അതു സംബന്ധിച്ച സമിതി തീരുമാനം എന്നീ വിശദാംശങ്ങൾ

### ശിപാർശ 1

രാജ്യത്ത് ഉടനീളം നിലവിലുള്ള വനമേഖലകളെ സംരക്ഷിക്കുവാൻ നിലവിലുള്ള വനസംരക്ഷണ നിയമം ഏറെ പര്യാപ്തമാണെന്ന് നമ്മുടെ പരമോന്നത നീതിപീഠം പല

കേസുകളിലും വ്യക്തമാക്കിയിട്ടുണ്ട്. വനം എന്ന വാക്കിന്റെ അർത്ഥംപോലും പുനർവിചിന്തനത്തിന് വിധേയമാക്കണമെന്ന് അഭിപ്രായപ്പെട്ടിട്ടുള്ള കോടതി, വനഭൂമിയിൽ നടക്കുന്ന ഏതുതരം പ്രവർത്തനവും ഏതു സംസ്ഥാനത്ത് ആയാലും അത് കേന്ദ്ര ഗവൺമെന്റിന്റെ അനുമതിയോടുകൂടി വേണമെന്നും അത്തരത്തിലുള്ള ഏത് പ്രവർത്തനത്തേയും പ്രഥമദൃഷ്ട്യാ 1980-ലെ വനനിയമത്തിന്റെ ലംഘനമായി കണക്കാക്കി അത്തരം പ്രവർത്തനങ്ങൾ അതത് സംസ്ഥാന ഗവൺമെന്റുകൾ നിർത്തിവയ്ക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

12-12-1996-ൽ ഒ.പി. നമ്പർ 202/95-ലെ വിധിന്യായത്തിൽ, സുപ്രീം കോടതി, വനസംരക്ഷണത്തിന്, വനസംരക്ഷണ നിയമത്തിലെ സെക്ഷൻ 2-ന്റെ ആവശ്യകതയും അത് കർശനമായി നടപ്പിലാക്കേണ്ട ബാദ്ധ്യതയും വ്യക്തമാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ കാവിലുംപാറ പഞ്ചായത്തിലെ റീ-സർവ്വേ 175-ൽ നടന്ന വനനശീകരണം സംസ്ഥാന ഗവൺമെന്റിന്റെയോ കേന്ദ്ര ഗവൺമെന്റിന്റെയോ നിയമാനുസൃതമായ അനുവാദം ലഭിക്കാത്തത് ആയതിനാൽ ആ നടപടി പ്രോസിക്യൂഷന് വിധേയമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് 13984/സി3/98/വനം തീയതി 6-9-1999)

കേന്ദ്ര വനസംരക്ഷണ നിയമം നടപ്പിൽവന്ന 1980-നുശേഷം കേരളത്തിൽ വനഭൂമി വനേതരാവശ്യങ്ങൾക്കുവേണ്ടി നൽകുന്നത് കേന്ദ്രാനുമതിയോടുകൂടിയാണ്. വർഷാവർഷം അംഗീകൃത പ്ലാൻ ഓഫ് ഓപ്പറേഷൻ പ്രകാരം നടത്തിവന്നിരുന്ന വനംവിള തോട്ടങ്ങളിലെ പരിചരണ പ്രവർത്തനങ്ങൾക്കായുള്ള മരംമുറിപോലും 12-12-1996-ലെ ഡബ്ല്യൂ.പി. 202/95-ലെ വിധിന്യായത്തിലെ നിർദ്ദേശാനുസരണമാണ് ഇപ്പോൾ നടത്തുന്നത്. കാവിലുംപാറ പഞ്ചായത്തിലെ റീ.സ.175-ൽ നടന്ന വനനശീകരണം സംബന്ധിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഒ.ആർ. 6/98, 3/98 എന്നിവയാണ് കേസ്സുകൾ. ഒ.ആർ. 6/98 സി.സി. നമ്പർ 515/98 ആയി കോടതിയിൽ ചാർജ് ചെയ്തിട്ടുണ്ട്. ഒ.ആർ. 3/98 കോടതിയിൽ ചാർജ് ചെയ്തു എങ്കിലും സി.സി. നമ്പർ കിട്ടിയില്ല. ഈ രണ്ട് കേസും നാദാപുരം ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ ചാർജ് ചെയ്തിട്ടുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ പഞ്ചായത്തിലെ റീ-സർവ്വേ 175-ൽ നടന്ന അനധികൃത വനനശീകരണത്തിനെതിരെ നാദാപുരം ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ ചാർജ് ചെയ്തിട്ടുള്ള രണ്ട് കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 8462/സി13/03/വനം തീയതി 30-11-2005)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ വില്ലേജിലെ റീ-സർവ്വേ 175-ൽ നടന്ന അനധികൃത വനനശീകരണത്തിനെതിരെ കുറ്റ്യാടി റെയ്ഞ്ചിൽ രജിസ്റ്റർ ചെയ്ത് ബഹു. നാദാപുരം കോടതി മുമ്പാകെ ചാർജ് ചെയ്ത ഒ.ആർ. 3/98 (സി.സി144/99) ഒ.ആർ. 6/98 (സി.സി1515/98) എന്നീ കേസ്സുകളിൽ ഒ.ആർ. 3/98 നമ്പർ കേസ്സ് 25-7-2001-ൽ ടി കോടതി തള്ളിയ നടപടിക്കെതിരെ ബഹു. കേരള ഹൈക്കോടതി മുമ്പാകെ അപ്പീൽ ഫയൽ ചെയ്തിരിക്കുകയാണ്. ഒ.ആർ. 6/98 നമ്പർ കേസ് ഇപ്പോൾ നാദാപുരം കോടതി മുമ്പാകെ വിചാരണയിലാണ്.

(മറുപടി 11-6-2008-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം വീണ്ടും അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

നാദാപുരം കോടതി മുമ്പാകെ വിചാരണയിലുള്ള കേസ്സിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19295/സി13/08/വനം തീയതി 30-7-2015)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ വില്ലേജിലെ റീ-സർവ്വേ 175-ൽപ്പെട്ട സ്ഥലത്ത് നടന്ന അനധികൃത വനനശീകരണത്തിനെതിരെ കുറ്റ്യാടി റെയ്ഞ്ചിൽ രജിസ്റ്റർ ചെയ്ത ഒ.ആർ. 6/98 നമ്പർ കേസ് ബഹു. നാദാപുരം ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതി 8-2-2005-ൽ തള്ളുകയും പ്രതികളെ കുറ്റക്കാരല്ല എന്ന് കണ്ടെത്തിയതിനാൽ വെറുതെ വിട്ടുകൊണ്ട് ഉത്തരവാകുകയും ചെയ്തു.

(മറുപടി 19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

## ശിപാർശ 2

കേരളത്തിലെ നിത്യഹരിത വനങ്ങളുടെ ജൈവശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച്, അവയിലെ ആവാസ വ്യവസ്ഥയെ സംരക്ഷിക്കുന്നതിനും പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും നമ്മുടെ വനമേഖലകളിലെ സസ്യസമ്പത്തിന്റെ നശീകരണവും വനചൂഷണവും പരിപൂർണ്ണമായി തടയണമെന്നതാണ് സമിതിയുടെ പ്രബലമായ അഭിപ്രായം. അനിയന്ത്രിതമായ മരംമുറിക്കലിന്റെ പ്രതിഫലനമായി ഉണ്ടാകുന്ന ഉരുൾപൊട്ടലും മലയിടിച്ചിലും മണ്ണൊലിപ്പുംകൊണ്ട് ശ്രുക്ഷമായിരിക്കുന്ന മലയോരങ്ങളുടെ സംരക്ഷണത്തിനായും ഇനിയും അവശേഷിക്കുന്ന വനമേഖലയെ നിത്യഹരിത വനങ്ങളായി കാത്തുപരിപാലിക്കുന്നതിനുമായി മരങ്ങൾ മുറിക്കുന്നത് സമ്പൂർണ്ണമായി നിരോധിച്ചുകൊണ്ടുള്ള ഭേദഗതികൾ വനനിയമത്തിൽ വരുത്തുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

### വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 6-9-1999)

കേരളത്തിലാകെയുള്ള വനവിസ്തൃതിയുടെ 25 ശതമാനത്തോളം നിത്യഹരിത വനങ്ങളാണ്. ഇതിൽ 50 ശതമാനത്തോളം വനപ്രദേശം സെലക്ഷൻ ഫെല്ലിംഗ് സമ്പ്രദായത്തിൽപ്പെടുത്തി മുൻകാലങ്ങളിൽ മരംമുറി നടത്തിയിട്ടുള്ളതാണ്. നിത്യഹരിത വനങ്ങൾ അതുപോലെ സൂക്ഷിക്കേണ്ടത് പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് ഒഴിച്ചുകൂടാൻ പാടില്ലാത്തതെന്ന് ബോദ്ധ്യപ്പെട്ട് 4-4-1987-ൽ തന്നെ സെലക്ഷൻ ഫെല്ലിംഗ് നിരോധിച്ചിട്ടുണ്ട്. കേരളത്തിലെ വനപ്രദേശങ്ങളിലെ ക്ലിയർ ഫെല്ലിംഗ് 19-11-1983-ലും സാർവേജ് ഫെല്ലിംഗ് 29-4-1988-ലും നിരോധിച്ചിട്ടുണ്ട്. 1971-ലെ സ്വകാര്യ വനം (നിക്ഷിപ്തമാക്കലും പതിച്ചുകൊടുക്കലും) നിയമപ്രകാരം 10-5-1971-ൽ സർക്കാരിൽ നിക്ഷിപ്തമായിട്ടുള്ള സ്വകാര്യ വനങ്ങൾ മുൻ ഉടമസ്ഥർക്ക് കോടതിവിധി പ്രകാരം തിരിച്ചുകൊടുക്കേണ്ടി വന്നപ്പോൾ അപ്രകാരമുള്ള സ്ഥലങ്ങൾ 1986-ലെ കേരളാ വൃക്ഷസംരക്ഷണ നിയമത്തിലെ സെക്ഷൻ (5)-ന്റെ പരിധിയിൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. നിത്യഹരിത വനങ്ങൾ ഉൾപ്പെടുന്ന ഒരു വലിയ വനമേഖല വന്യമൃഗസംരക്ഷണ കേന്ദ്രങ്ങളായും നാഷണൽ പാർക്കുകളായും സംരക്ഷിച്ചുവരുന്നു. നിത്യഹരിത വനത്തിലെ മരങ്ങൾ മുറിക്കുന്നത് സമ്പൂർണ്ണമായി നിരോധിച്ചിട്ടുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം അംഗീകരിച്ചു.)

ശിപാർശ 3

വനം സംരക്ഷിക്കുന്നതിനായി നിർമ്മിച്ചിട്ടുള്ള കേരള ഫോറസ്റ്റ് ആക്റ്റിലെ പഴുതുകൾ അടയ്ക്കുവാനായി കേരള ഫോറസ്റ്റ് ആക്റ്റ് ഭേദഗതി ചെയ്യുന്നതിനുള്ള ചില നിർദ്ദേശങ്ങൾ ചീഫ് കൺസർവേറ്റർ (വിജിലൻസ്) സമിതി മുൻപാകെ സമർപ്പിക്കുകയുണ്ടായി. വനനിയമത്തിൽ ഈ ഭേദഗതികൾ ഉൾപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്ന് സമിതി കരുതുന്നു. ആയതിനാൽ പ്രസ്തുത ഭേദഗതികൾ വനനിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 6-9-1999)

ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരം

വനം സംരക്ഷിക്കുന്നതിനായുള്ള കേരള ഫോറസ്റ്റ് ആക്റ്റിലെ പഴുതുകൾ അടയ്ക്കുവാനായി ചില ഭേദഗതികൾ വനനിയമത്തിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 8462 സി3/03/വനം തീയതി 30-11-2005)

വനനിയമത്തിലെ ഭേദഗതികൾ നിയമ വകുപ്പിന്റെ പരിശോധനയിലാണ്.

(മറുപടി 11-6-2008-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരം

നിയമ വകുപ്പിന്റെ പരിശോധനയിലിരിക്കുന്ന വനനിയമത്തിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന ഭേദഗതികളുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് സമിതി ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19295/സി3/08/വനം തീയതി 30-7-2015)

നിലവിൽ പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശമായ കണ്ടൽ കാട്ടുകളെ സംരക്ഷിക്കുന്നതിന് ശക്തമായ ഒരു നിയമം നിലവിലില്ല. മേൽ കാരണത്താൽ പാരിസ്ഥിതിക പ്രാധാന്യമുള്ളതും സംരക്ഷണം ആവശ്യമുള്ളതുമായ കണ്ടൽ കാട്ടുകൾ നശിപ്പിച്ചതിന് ബുക്കുചെയ്ത കേസുകളിൽ ഡിപ്പാർട്ട്മെന്റിന്റെ വാദം ദുർബ്ബലപ്പെടാൻ ഇടയാകുന്നുണ്ട്. 2005-ലെ വനേതര പ്രദേശങ്ങളിൽ വൃക്ഷം വളർത്തൽ പ്രോത്സാഹന നിയമത്തിൽ കണ്ടൽ കാട്ടുകളെ നോട്ടിഫൈഡ് ഏരിയ ആയി കണക്കാക്കുന്ന എന്ന ഒരു കുറിപ്പ് മാത്രമാണ് ഉള്ളത്. ടി നിയമം വനേതര പ്രദേശങ്ങളിൽ വൃക്ഷം നട്ടുവളർത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഉള്ളതാണ്. ആയത് സ്വകാര്യ ഭൂമിയിൽ വൃക്ഷം വളർത്തുന്നതിനും ആയത് മുറിച്ച് നീക്കം ചെയ്യുന്നതിനും ആവശ്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ്. ടി നിയമം സ്വകാര്യ/സർക്കാർ കണ്ടൽ വനങ്ങളിലെ കണ്ടലുകൾ സംരക്ഷിക്കാൻ തീർത്തും അപര്യാപ്തമാണ് എന്ന് കാണുന്നു. കണ്ടൽ വനങ്ങൾ കയ്യേറ്റത്തിനും നശിപ്പിച്ചതിനും എതിരെ സ്വീകരിക്കുന്ന നിയമ നടപടികൾക്ക് ഉപോൽബലകമായി കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബ്ബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യകർത്തൃത്വവും നടത്തിപ്പും) നിയമം 2003 ആണ് ഉപയോഗപ്പെടുത്തുന്നത്. എന്നാൽ ടി നിയമപ്രകാരം സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള കണ്ടൽ വനഭൂമികൾ ഒന്നുംതന്നെ വിജ്ഞാപനം ചെയ്ത് വനം വകുപ്പ് ഏറ്റെടുത്തിട്ടില്ലായെന്നും ടി വനഭൂമിയുടെ വിവരം, വിസ്തൃതി, സ്കെച്ച് എന്നിവ സംബന്ധിച്ച ആധികാരിക രേഖകൾ ഇല്ലായെന്നതും ഇത്തരം കേസുകളിൽ സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിന് വിഘാതമാകാറുണ്ട്. കറപ്പ, കുളിർമാവ് തൊലികളുടെ അനധികൃത ശേഖരണം, കടത്ത് എന്നിവ വിവിധ കോടതിവിധികളുടെ അടിസ്ഥാനത്തിൽ കേരള വനനിയമം 61 എ-യുടെ പരിധിയിൽ ഉൾപ്പെടുത്തി തുടർ നടപടി സ്വീകരിച്ചുവരുന്നുണ്ട്. മേൽ വിഷയങ്ങളിൽ സർക്കാർ താൽപ്പര്യം സംരക്ഷിക്കുന്നതിന് കേരള വനനിയമം 1961-ലെ വിവിധ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുവാനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ Kerala Promotion of Tree growth in Non-Forest Areas Act, 2005-ന്മേൽ ഭേദഗതി വരുത്തുന്നതിനായുള്ള ബിൽ പാസ്സാക്കുന്നതിനായി 29-6-2015 തീയതിയിലെ 4716/ബി1/2010/വനം നമ്പർ കത്ത് പ്രകാരം നിയമസഭ സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

(മറുപടി 19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

## ശിപാർശ 4

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ റീ-സർവ്വേ 175-ൽ പതിച്ചുനൽകിയ 300 ഏക്കറോളം വനഭൂമിയെ സംബന്ധിച്ച കോടതി ഉത്തരവുകളും അടിസ്ഥാന പ്രമാണങ്ങളും പരിശോധിച്ച് പ്രസ്തുത വനഭൂമി ആറ് ഖണ്ഡങ്ങളായി നൽകിയതിനെപ്പറ്റി അന്വേഷണം നടത്തി വനഭൂമി റീ-സർവ്വേ ചെയ്യിച്ച് ക്ലിപ്തപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും അതോടൊപ്പംതന്നെ ഒന്നായി കിടക്കേണ്ടുന്ന ഈ വനഭൂമി പല ഖണ്ഡങ്ങളായി നൽകിയതിനെപ്പറ്റിയുള്ള വിശദമായ അന്വേഷണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

### (എ) വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 6-9-1999)

കാവിലുംപാറ വില്ലേജിലെ റീ-സർവ്വേ നമ്പർ 175-ൽപ്പെട്ട 139.0779 ഹെക്ടർ വനഭൂമി അവകാശികൾക്ക് വിട്ടുകൊടുക്കുവാൻ 4-12-1976-ലെ വിധിപ്രകാരം ബഹു. കോഴിക്കോട് ഫോറസ്റ്റ് ട്രിബ്യൂണൽ ഉത്തരവായി. ഈ ഉത്തരവിൽ ഏത് ഭാഗത്തുള്ള വനഭൂമിയാണ് വിട്ടുകൊടുക്കേണ്ടതെന്ന് പരാമർശിച്ചിട്ടില്ല. താഴെപ്പറയും പ്രകാരം 6 ഖണ്ഡങ്ങളായിട്ടാണ് ഭൂമി വിട്ടുകൊടുത്തിട്ടുള്ളത്:

7.0172 ഹെക്ടർ

34.5932 ഹെക്ടർ

13.8698 ഹെക്ടർ

50.2011 ഹെക്ടർ

24.3563 ഹെക്ടർ

9.0403 ഹെക്ടർ

ആകെ .. 139.0779 ഹെക്ടർ

മേൽപ്പറഞ്ഞ 6 ബിറ്റുകളും പ്രത്യേക ഖണ്ഡങ്ങളായിട്ടാണ് കിടക്കുന്നത്. ഒറ്റ ബ്ലോക്കായിട്ടല്ല. അതിനാലാണ് അപേക്ഷയനുസരിച്ച് പല പ്രാവശ്യമായി നൽകിയിട്ടുള്ളത്.

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 17339/പി2/99/റവ. തീയതി 24-3-2000)

4-12-1976-ലെ കോഴിക്കോട് ഫോറസ്റ്റ് ട്രിബ്യൂണലിന്റെ വിധിയിൽ 543.67 ഏക്കർ വനഭൂമി അപേക്ഷകർക്ക് വിട്ടുകൊടുക്കാനാണ് ഉത്തരവായതെന്നും ഇതിൽ ഏതുഭാഗത്തെ വനഭൂമിയാണ് വിട്ടുകൊടുക്കേണ്ടതെന്ന് പരാമർശിച്ചിട്ടില്ലെന്നും ലഭ്യമായ റിക്കോർഡുകൾ പരിശോധിച്ചതിൽ വ്യത്യസ്ഥമായ സ്ഥലങ്ങൾ വിട്ടുകൊടുക്കാനുണ്ടായ സാഹചര്യം കണ്ടുപിടിക്കാൻ ഇപ്പോൾ കഴിയുന്നില്ലായെന്നും ജില്ലാ കളക്ടർ അറിയിക്കുന്നു. ഇങ്ങനെ സ്ഥലം വിട്ടുകൊടുത്തത് 20 വർഷങ്ങൾക്ക് മുൻപാണെന്നും അതുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരെല്ലാം സർവ്വീസിൽ നിന്നും വിരമിച്ചതായും അറിയിച്ചിട്ടുണ്ട്.

(മറുപടികൾ 11-12-2002-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 5</u>

വിവാദപരമായ മരംമുറിയ്ക്കൽ നടന്ന കാവിലുംപാറയിലെ ഈ വനമേഖലയിൽ നിലവിലുള്ള ഏറ്റവും ചെറിയ വൃക്ഷത്തൈകൾപോലും ഇരുപത് വർഷത്തിനുമേൽ പഴക്കമുള്ളവയായിട്ടാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. ഈ പ്രദേശത്തിന്റെ സന്തുലിതാവസ്ഥയെ ആകെ തകിടംമറിച്ചുകൊണ്ട് ഇവിടെ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകാൻ സാദ്ധ്യതയുള്ള ഈ വനനശീകരണം ഉടനടി നിർത്തി വെയ്ക്കുന്നതിനും പൊതുജന താൽപ്പര്യത്തിലും പ്രകൃതിയുടെ പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനുമായി ഈ വനമേഖല സർക്കാർ ഏറ്റെടുക്കണമെന്നും അതോടൊപ്പം ഇതേപോലെതന്നെ മറ്റ് സ്വകാര്യ വ്യക്തികളുടെ അധീനതയിൽ ഇരിക്കുന്നതുമായ വനഭൂമികളും ഏറ്റെടുത്ത് ഈ വനങ്ങൾ വൃക്ഷസംരക്ഷണ നിയമത്തിന്റെ സെക്ഷൻ (5)-ന്റെ കീഴിൽ കൊണ്ടുവരുന്നതിനുള്ള നോട്ടിഫിക്കേഷൻ അടിയന്തരമായി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

## (എ) വനം-വന്യജീവി (ഇ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 6125/ഇ 2/99/വനം തീയതി 17-7-1999)

കോഴിക്കോട് ഫോറസ്റ്റ് ട്രിബ്യൂണലിന്റെ ഒ.എ.26/75-ൽപ്പെട്ട കാവിലുംപാറ വില്ലേജിലെ 139.0779 ഹെക്ടർ സ്ഥലം 1986-ലെ കേരള വനം സംരക്ഷണ നിയമത്തിലെ സെക്ഷൻ 5-ൽ ഉൾപ്പെടുത്തി നേരത്തെതന്നെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. പാലക്കാട് ഫോറസ്റ്റ് ട്രിബ്യൂണലിന്റെ ഒ.എ.101/77-ൽപ്പെട്ട കാവിലുംപാറ വില്ലേജിലെ

6 ഹെക്ടർ സ്ഥലവുംകൂടി 1986-ലെ കേരള വനം സംരക്ഷണ നിയമത്തിലെ സെക്ഷൻ 5-ൽ ഉൾപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്ന വിവരം പരിസ്ഥിതി സമിതി മുൻപാകെ അറിയിക്കുവാൻ താൽപ്പര്യപ്പെടുന്നു.

## (ബി) വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 6-9-1999)

ഭൂമി തിരിച്ച് ലഭിച്ചതിനെ തുടർന്ന് 1977 മുതൽ 1982 വരെയുള്ള കാലഘട്ടത്തിൽ തന്നെ ഈ പ്രദേശത്തെ മരങ്ങൾ ഏറിയ പങ്കും മുറിച്ച് നീക്കം ചെയ്തിരുന്നു. വീണ്ടും 1988 ജനുവരി മുതൽ ഏപ്രിൽ വരെ കാവിലുംപാറ വില്ലേജിലെ റീ-സർവ്വേ നമ്പർ 175-ൽ ഉൾപ്പെട്ട സ്ഥലങ്ങളിൽ നിന്നും മരങ്ങൾ മുറിക്കുകയുണ്ടായി. മരം മുറി ഇപ്പോൾ കർശനമായി നിരോധിച്ചിരിക്കുകയാണ്.

ടി മേഖലയിൽ റെസ്റ്റോർ ചെയ്തുകൊടുത്തിട്ടുള്ള വനഭൂമി ഉദ്ദേശം 500 ഏക്കർ വരും. ഈ വനമേഖല സെക്ഷൻ (5)-ന്റെ പരിധിയിൽ കൊണ്ടുവന്ന് കൊണ്ടുള്ള നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടുണ്ട്.

(മറുപടികൾ 11-12-2002-ലെ സമിതിയോഗം അംഗീകരിച്ചു.)

## ശിപാർശ 6

വനസംരക്ഷണ നിയമമനുസരിച്ച് വനങ്ങൾ സംരക്ഷിക്കാൻ ബാദ്ധ്യതപ്പെട്ട വനം വകുപ്പിലെയും പുറംപോക്കസ്ഥലങ്ങളുടേയും ഭൂമിയുടെയും ആധികാരികത കാത്തുസൂക്ഷിക്കേണ്ടവരുമായ റവന്യൂ വകുപ്പിലേയും ഉദ്യോഗസ്ഥൻമാരിൽ ചിലർ അനധികൃതമായി വനനശീകരണത്തിനും ഭൂമി കയ്യേറ്റത്തിനും മറ്റും കൂട്ടുനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. കാവിലുംപാറ പഞ്ചായത്തിൽ നടന്ന അക്ഷന്തവ്യമായ വനനശീകരണത്തിന് എതിരെ ഉയർന്നു വന്ന ജനരോക്ഷത്തെ മാനിച്ച് നടത്തിയ അന്വേഷണത്തിൽ, ഈ സംഭവത്തോട് അനുബന്ധിച്ച് നിരുത്തരവാദപരമായി പെരുമാറിയതായി തെളിയിക്കപ്പെട്ട കുറ്റ്യാടി ഫോറസ്റ്റ് റെയ്ഞ്ചാഫീസറേയും ഗുരുതരമായ കൃത്യവിലോപം പ്രകടമാക്കിയതിന് സെക്ഷൻ ഫോറസ്റ്ററേയും മരം മുറിക്കുന്ന വിവരങ്ങൾ അറിയാമായിരുന്നിട്ടും അത് തടയാൻ കൂട്ടാക്കാതിരുന്ന ഫ്ളൈയിംഗ് സ്ക്വാഡ് ഡി.എഫ്.ഒ.യേയും ഏറ്റവും ശക്തവും മാതൃകാപരവുമായ രീതിയിലുള്ള ശിക്ഷാ നടപടിക്ക് വിധേയരാക്കണമെന്ന് സമിതി ശക്തമായി ശിപാർശ ചെയ്യുന്നു. അതോടൊപ്പം തന്നെ വിവാദാസ്പദമായ സ്ഥലം പരിശോധിക്കാതെയും ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങുകയും ചെയ്യാതെ കൈവശ സർട്ടിഫിക്കറ്റ് നൽകിയ വില്ലേജ് ഓഫീസറേയും കൂടാതെ അദ്ദേഹത്തെ സഹായിച്ച വില്ലേജ് അസിസ്റ്റന്റിനേയും മാതൃകാപരമായി ശിക്ഷിക്കണമെന്നുകൂടി സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 6-9-1999)

ഇതു സംബന്ധിച്ച് ബന്ധപ്പെട്ട റെയിഞ്ച് ഓഫീസർ ശ്രീ. സി. കെ. സുരേഷ് ബാബുവിനെയും, സെക്ഷൻ ഫോറസ്റ്റർ, രണ്ട് ഗാർഡുമാർ എന്നിവരെയും സസ്പെന്റ് ചെയ്ത് അച്ചടക്കനടപടി സ്വീകരിച്ചിട്ടുണ്ട്. ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റാഫീസറുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കാൻ വിജിലൻസ് വിഭാഗം ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് ആവശ്യപ്പെട്ടതിൽ ഫ്ളൈയിംഗ് സ്ക്വാഡ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ ഭാഗത്ത് വീഴ്ച ഒന്നും ഉണ്ടായിട്ടില്ലെന്നും തക്കസമയത്ത് നടപടികൾ സ്വീകരിച്ചിട്ടുള്ളതിനാൽ ശിക്ഷാ നടപടി ആവശ്യമില്ലെന്നും വിജിലൻസ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അറിയിച്ചിട്ടുണ്ട്.

കൂടാതെ വിവാദസ്ഥലം പരിശോധിക്കാതെയും ജില്ലാ കളക്ടറുടെ മുൻകൂർ അനുവാദം വാങ്ങാതെയും കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകിയ വില്ലേജ് ഓഫീസറുടെ പേരിൽ നടപടിയെടുക്കാൻ ബി1-17913/98 തീയതി 28-10-1998 പ്രകാരം കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിരുന്നു. ബന്ധപ്പെട്ട വില്ലേജ് അസിസ്റ്റന്റിന്റെ പേരിൽ നടപടിയെടുക്കാൻ ബി1-17913/98 തീയതി 7-11-1998 പ്രകാരം കോഴിക്കോട് ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടതനുസരിച്ച് രണ്ടുപേരേയും സർവ്വീസിൽ നിന്നു സസ്പെന്റ് ചെയ്തിട്ടുണ്ട്.

കുറ്റാരോപണ വിധേയരായ മേൽപ്പറഞ്ഞ ജീവനക്കാർക്ക് ഈ ഓഫീസിലെ 29-12-1998-ലെ ബി1-17913/98 എന്ന നമ്പർ കത്തുപ്രകാരം കഠിന ശിക്ഷയുള്ള കുറ്റപത്രം നൽകുകയും ഇവർ നൽകിയ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അന്വേഷണത്തിന് വിഘാതം വരാത്ത രീതിയിൽ 10-2-1999-ലെ ബി1-17913/98 എന്ന നമ്പർ കത്തുപ്രകാരം സർവ്വീസിൽ തിരികെ പ്രവേശിപ്പിക്കുകയും ടിയാൻമാരുടെ വിശദീകരണം തൃപ്തികരമല്ലാത്തതിനാൽ അവരുടെ നിരപരാധിത്വം തെളിയിക്കുന്നതിന് ഒരു ഔപചാരിക അന്വേഷണത്തിന് 1-3-1999-ന് ഉത്തരവായിട്ടുണ്ട്.

ശ്രീമതി ശോഭന കമല സുദർശന റാവു, ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നോർത്ത് വയനാട്-നെ അന്വേഷണ അധികാരിയായും ശ്രീ. എ. സി. ശ്രീധരൻ, റെയ്ഞ്ച് ഓഫീസർ, കുറ്റ്യാടിയെ പ്രസന്റിംഗ് ഓഫീസറായും ഉത്തരവാക്കി നിയമിച്ചിട്ടുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

വിവാദസ്ഥലം പരിശോധിക്കാതെയും ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങാതെയും കൈവശ സർട്ടിഫിക്കറ്റ് നൽകിയ വില്ലേജ് ഓഫീസറേയും അദ്ദേഹത്തെ സഹായിച്ച വില്ലേജ് അസിസ്റ്റന്റിനേയും മാതൃകാപരമായി ശിക്ഷിക്കണമെന്ന സമിതിയുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി പൂർണ്ണമല്ലായെന്ന് അഭിപ്രായപ്പെടുകയും പ്രസ്തുത ശിപാർശ നടപ്പിൽ വരുത്തിയോ എന്നാരായുകയും ചെയ്തു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

## (എ) റവന്യൂ (ഡി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 70105/ഡി 2/2000/റവ. തീയതി 8-1-2004)

ജില്ലാ കളക്ടറുടെ മുൻകൂർ അനുമതി വാങ്ങാതെയും വിവാദാസ്പദമായ സ്ഥലം പരിശോധിക്കാതെയും കൈവശ സർട്ടിഫിക്കറ്റുകൾ നൽകിയ, കാവിലുംപാറ മുൻ വില്ലേജ് ഓഫീസറായ ശ്രീ. പി. എം. ബാലൻ, വില്ലേജ് അസിസ്റ്റന്റ് ശ്രീ. പി. ബാലൻ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുകയും ടിയാൻമാരുടെ മൂന്ന് വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ തടഞ്ഞു കൊണ്ടുള്ള കോഴിക്കോട് ജില്ലാ കളക്ടറുടെ നടപടി ശരിവച്ചുകൊണ്ട് 23-10-2002-ലെ സ.ഉ. (സാധാ.) നമ്പർ 2189/02/ആർ.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

## (ബി) വനം-വന്യജീവി (സി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 8462/സി3/03/വനം തീയതി 30-11-2005)

കാവിലുംപാറ വില്ലേജിലെ അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട് വില്ലേജാഫീസർ ശ്രീ. പി. എം. ബാലൻ, വില്ലേജ് അസിസ്റ്റന്റ് ശ്രീ. പി. ബാലൻ എന്നിവരുടെ പേരിൽ അച്ചടക്കനടപടി സ്വീകരിക്കുകയും ആയത് തീർപ്പുകൽപ്പിക്കുന്നതിന്റെ ഭാഗമായി ഇരുവരുടെയും രണ്ട് ശമ്പള വർദ്ധനവുകൾ സഞ്ചിതഫലത്തോടെ നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.

(മറുപടികൾ 11-6-2008-ലെ സമിതിയോഗം അംഗീകരിച്ചു)

<u>ശിപാർശ 7</u>

കാവിലുംപാറ പഞ്ചായത്തിൽ നടന്ന വനനശീകരണത്തെക്കുറിച്ചുള്ള സമിതിയുടെ അന്വേഷണത്തിൽ നിന്നും വ്യക്തമാകുന്നത്, വനപാലകരോടൊപ്പം, വനസംരക്ഷണത്തിനായി

നിയുക്തനായ ഒരു സർക്കിൾ ഇൻസ്പെക്ടറുടെ ഇടപെടലും പിൻബലവും ഈ സ്വകാര്യ സ്ഥാപനത്തിന് ലഭ്യമായിരുന്നു എന്നതാണ്. പ്രസ്തുത വനഭൂമി മേൽപ്പറഞ്ഞ സർക്കിൾ ഇൻസ്പെക്ടറുടെ ഭാര്യയുടെ പേരിലാണ് എന്നത് അദ്ദേഹത്തിന്റെ ഇടപെടലിന്റെ പ്രസക്തി വെളിവാക്കുന്നു. ആകയാൽ ഈ സർക്കിൾ ഇൻസ്പെക്ടർക്കും ഭാര്യക്കും 250 ഏക്കറോളം വനഭൂമി വാങ്ങുന്നതിന് ആവശ്യമായ ധനസ്ഥിതി എങ്ങനെ ലഭിച്ചു എന്നതിനെ കുറിച്ചും അതോടൊപ്പം തന്നെ റവന്യൂ വകുപ്പിലെയും വനം വകുപ്പിലെയും ഈ സംഭവുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ അനധികൃത ധനസമ്പാദനത്തെക്കുറിച്ചും വിശദമായ വിജിലൻസ് അന്വേഷണം നടത്തണമെന്ന് സമിതി സർക്കാരിനോട് നിർബന്ധമായും ആവശ്യപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 6-9-1999)

ഇതേപ്പറ്റി ഒരു റിപ്പോർട്ട് ഉത്തരമേഖലാ ഐ.ജി.ക്ക് അയച്ചുകൊടുത്തിട്ടുണ്ട്. ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

**(ബി) വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 28-4-2000)

ഇക്കാര്യത്തിൽ വിജിലൻസ് അന്വേഷണത്തിന് നിർദ്ദേശം നൽകി കഴിഞ്ഞു

**(സി) വിജിലൻസ് (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 6585/എ 1/99/വിജി. തീയതി 15-7-2006)

കാവിലുംപാറ പഞ്ചായത്തിൽ നടന്ന വനനശീകരണത്തെക്കുറിച്ച് പരിസ്ഥിതി സമിതി 1996-1998-ലെ ശിപാർശയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ മുഖേന അന്വേഷണം നടത്തിയിരുന്നു. പ്രസ്തുത അന്വേഷണത്തിന്റെ വെളിച്ചത്തിൽ, ബന്ധപ്പെട്ട സർക്കിൾ ഇൻസ്പെക്ടർ ശ്രീ. ശ്രീദാസ് നമ്പൂതിരിക്കെതിരെ കേരള ഗവൺമെന്റ് സെർവെന്റ്സ് കോൺഡക്ട് ചട്ടം സെക്ഷൻ 40, 48 എന്നിവ ലംഘിച്ചതിന് വകുപ്പുതല നടപടി സ്വീകരിക്കുവാൻ ആഭ്യന്തര വകുപ്പിന് വിജിലൻസ് വകുപ്പിൽ നിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ആഭ്യന്തര വകുപ്പ് ഇക്കാര്യത്തിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു.

## (ഡി) റവന്യൂ (ഡി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 70105/ഡി2/2000/റവ. തീയതി 8-1-2004)

അനധികൃത മരംമുറിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ സ്വത്ത് വിവരത്തെക്കുറിച്ച് വിജിലൻസ് അന്വേഷണം നടത്തിയതിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥർ അനധികൃതമായി സ്വത്ത് സമ്പാദിച്ചതായി കണ്ടെത്തിയിട്ടില്ല.

(മറുപടികൾ 11-6-2008-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെ ചേർക്കുന്ന അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ഗവൺമെന്റ് സെർവെന്റ്സ് കോൺഡക്ട് റൂൾസിലെ സെക്ഷൻ 40, 48 എന്നിവ ലംഘിച്ചതിന് ശ്രീ. ശ്രീദാസ് നമ്പൂതിരിക്കെതിരെ സ്വീകരിച്ചുവരുന്ന വകുപ്പുതല നടപടിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് ആഭ്യന്തര വകുപ്പിനോട് ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

## ആഭ്യന്തര (എച്ച്) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 6196/എച്ച് 1/09/ആഭ്യന്തരം തീയതി 4-3-2009)

കാവിലുംപാറ പഞ്ചായത്തിൽ നടന്ന വനനശീകരണത്തെക്കുറിച്ച് പരിസ്ഥിതി സമിതി (1996-1998)-യുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, വിജിലൻസ് വകുപ്പിന്റെ നിർദ്ദേശപ്രകാരം ശ്രീ. ശ്രീദാസ് നമ്പൂതിരിക്കെതിരെ 29-1-2001-ലെ ജി.ഒ. (ആർടി.) 369/2001/ഹോം ഉത്തരവ് പ്രകാരം ഒരു അന്വേഷണം നടത്തുകയും അന്വേഷണം നടത്തുന്നതിന് റെയിൽവേ ഡെപ്യൂട്ടി സൂപ്രണ്ടിനെ ചുമതലപ്പെടുത്തി ഉത്തരവാകുകയും അന്വേഷണത്തിൽ ശ്രീ. ശ്രീദാസ് നമ്പൂതിരി, കേരള ഗവൺമെന്റ് സെർവെന്റ്സ് കോൺഡക്ട് റൂൾസിലെ സെക്ഷൻ 40, 48 എന്നിവ ലംഘിച്ചതായി കണ്ടെത്തുകയും, ചെയ്ത കുറ്റത്തിന് ആനുപാതികമായി ശ്രീ. ശ്രീദാസ് നമ്പൂതിരിയുടെ 'ഒരു വർഷത്തെ വാർഷിക വേതന വർദ്ധനവ് സഞ്ചിതഫലത്തോടുകൂടി തടയുക' എന്ന കഠിന ശിക്ഷ 29-9-2006-ലെ ജി.ഒ. (ആർടി.)2221/06/ഹോം പ്രകാരം നൽകിക്കൊണ്ട് ഉത്തരവാകുകയുണ്ടായിട്ടുണ്ട്.

(മറുപടി 5-8-2009-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 8</u>

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ നിബിഢ വനങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നതായ മരംമുറിക്കൽ കാരണം പ്രസ്തുത പ്രദേശത്ത്

നിലനിൽക്കുന്ന പാരിസ്ഥിതിക അസന്തുലിതാവസ്ഥയുടെ പ്രത്യാഘാതമായുള്ള ഉരുൾപൊട്ടലും മലയിടിച്ചിലും വന്യമൃഗങ്ങളുടെ ശല്യവും കാരണം കുറ്റ്യാടി പുഴയുടെ പുറംപോക്കിലും വനമേഖലയുടെ താഴ്വാരത്തിലും അധിവസിക്കുന്ന നൂറോളം കുടുംബങ്ങൾക്ക് ജീവിതം ദുസ്സഹമായി തീർന്നിരിക്കുന്നു. ആകയാൽ പ്രസ്തുത നൂറോളം കുടുംബങ്ങളെ അവിടെ നിന്നും മാറ്റി താമസിപ്പിക്കുന്നതിനും പ്രസ്തുത വനഭൂമി നിബിഡ വനമായി സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി3/98/വനം തീയതി 6-9-1999)

സമിതിയുടെ ശിപാർശ വിശദമായി പരിശോധിച്ചുവരുന്നു.

**(ബി) വനം-വന്യജീവി (സി)വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി 3/98/വനം തീയതി 28-4-2000)

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ, മരുതോംകര പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന കുറ്റ്യാടി റെയ്ഞ്ചിലെ വിവിധ ഒ.എ.കേസ്സുകളിലെ കോടതിവിധി പ്രകാരം മുൻ ഉടമസ്ഥർക്ക് വിട്ടുകൊടുത്ത സ്ഥലങ്ങളിൽ നിന്നും മുൻകാലങ്ങളിൽ മരങ്ങൾ വെട്ടിമാറ്റിയത് പരിസ്ഥിതി അസന്തുലിതാവസ്ഥയ്ക്ക് കാരണമായിട്ടുണ്ടാവാം, എന്നാൽ ഈ പ്രദേശങ്ങളിൽ ഇപ്പോൾ യാതൊരുവിധ അനധികൃത മരംമുറിയോ കയ്യേറ്റമോ നടക്കാതിരിക്കാൻ വേണ്ട എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവിടെയുള്ള താമസക്കാരെ പകരം ഭൂമിയുടെ ലഭ്യതയ്ക്ക് വിധേയമായി മാറ്റി താമസിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(മറുപടികൾ 11-12-2002-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 9</u>

കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ തണൽതട്ട്, ചിരോത്തുകളം, പുൽപ്പാറമല, വട്ടിപ്പന, മീൻപറ്റി, മുളകുതോട്ടം തുടങ്ങിയ മലയോരങ്ങളിലെ അവശ ജൻമിമാർക്ക് പതിച്ചുനൽകിയിട്ടുള്ള നിബിഡ വനങ്ങൾ, പ്രസ്തുത വനങ്ങൾ നശിപ്പിക്കുന്നതുമൂലമുള്ള പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി സർക്കാർ ഏറ്റെടുത്ത് നിക്ഷിപ്ത വനമാക്കി മാറ്റുന്നതിന് അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി 3/98/വനം തീയതി 6-9-1999)

ഇപ്രകാരം ചെയ്യുന്നതിനുള്ള നിയമസാധ്യത ആരാഞ്ഞു കൊണ്ടിരിക്കുകയാണ്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരം

കാവിലുംപാറ, മരുതോംകര പഞ്ചായത്തുകളിലെ മലയോരങ്ങളിലെ അവശ ജൻമിമാർക്ക് പതിച്ചു നൽകിയിട്ടുള്ള നിബിഢ വനങ്ങൾ സർക്കാർ ഏറ്റെടുത്ത് നിക്ഷിപ്ത വനമാക്കി മാറ്റുന്നതിൻമേലുള്ള ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 8462/സി3/03/വനം തീയതി 30-11-2005)

കാവിലുംപാറ വില്ലേജിൽ കോടതി ഉത്തരവുപ്രകാരം തിരികെ നൽകി താഴെപ്പറയുന്ന വനഭൂമി വെസ്റ്റിങ്ങ് ആന്റ് മാനേജ്മെന്റ് ഓഫ് ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് ആക്റ്റ് പ്രകാരം ഇതിനകം സർക്കാരിലേക്ക് നിക്ഷിപ്തപ്പെട്ടിട്ടുള്ളതാകുന്നു. ഒ.എ. 58/79 മുതൽ 64/79 വരെയുള്ള കേസ്സുകൾ പ്രകാരം മുൻ ഉടമസ്ഥർക്ക് വിട്ടുകൊടുത്തതും കാവിലുംപാറ വില്ലേജിലെ റീ-സർവ്വേ 175-ൽപ്പെടുന്നതുമായ 42.49 ഹെക്ടർ സ്ഥലം ഒ. എ. 126/75 നമ്പർ കേസ്സ് പ്രകാരം അക്കാലത്ത് തറവാട്ടംഗങ്ങൾക്ക് വിട്ടുകൊടുത്തതും പിന്നീട് അഭിരാമി പ്ലാന്റേഷൻസിന്റെ ഉടമസ്ഥതയിൽ വരുന്നതുമായ 139.1 ഹെക്ടർ സ്ഥലം.

(മറുപടി 11-6-2008-ലെ സമിതിയോഗം പരിഗണിക്കുകയും റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ ഈ വിഷയം സംബന്ധിച്ച് ഇപ്പോഴത്തെ സ്ഥിതി എന്തെന്നാരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 19295/സി3/2008/വനം തീയതി 30-7-2015)

കാവിലുംപാറ, മരുതോംകര എന്നീ പഞ്ചായത്തുകളിൽ ഇ.എഫ്.എൽ. നിയമ പ്രകാരം വനം വകുപ്പിലേക്ക് നിക്ഷിപ്തമാക്കിയ ഭൂമി, വനമായി സംരക്ഷിച്ചുവരുന്നു.

ഇ.എഫ്.എൽ. ആക്ടിലെ ഭേദഗതി വകുപ്പ് 10(എ) പ്രകാരം ലഭിച്ച അപേക്ഷകൾ തീർപ്പാക്കുന്നതിനുവേണ്ടി 10(ബി) പ്രകാരമുള്ള തർക്ക പരിഹാരസമിതി 2 ഹെക്ടറിൽ കൂടുതൽ അല്ലാത്ത വിസ്തൃതിയുള്ള ഭൂപ്രദേശത്തെ തർക്ക പരിഹാരത്തിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(മറുപടി 19-8-2015-ലെ സമിതിയോഗം അംഗീകരിച്ചു)

ശിപാർശ 10

കാവിലുംപാറ വില്ലേജിലെ അക്കിലേടത്ത് തറവാടിന് സ്വകാര്യ വനം നൽകിയതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ പല കാലയളവിലായി പല കോടതികളിലും നിലനിന്നിരുന്നതായി സമിതി മനസ്സിലാക്കുന്നു. ഈ കേസ്സുകളിലൊക്കെ തന്നെ, ബന്ധപ്പെട്ട ഗവൺമെന്റ് പ്ലീഡർമാർ അലംഭാവം കാട്ടിയതായി മനസ്സിലാക്കാൻ സമിതിക്ക് കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെ താല്പര്യങ്ങൾ സംരക്ഷിക്കാൻ നിയുക്തരായ ഗവൺമെന്റ് പ്ലീഡർമാർ, അവരുടെ കൃത്യനിർവ്വഹണത്തിൽ വരുത്തുന്ന വീഴ്ചകൾ പിൽക്കാലത്ത് പൊതുജന താല്പര്യങ്ങൾക്ക് അപരിഹാര്യമായ ഫലങ്ങൾ ഉളവാക്കുന്നതിനാൽ ഇത്തരത്തിൽ വീഴ്ചവരുത്തുന്ന ഗവൺമെന്റ് പ്ലീഡർമാരെ തൽസ്ഥാനങ്ങളിൽ നിന്ന് നീക്കം ചെയ്യാനും, പകരം പൊതുതാൽപ്പര്യങ്ങളെ ആദർശനിഷ്ഠയോടും സത്യസന്ധതയോടും കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള പ്രഗൽഭരായവരെ ഗവൺമെന്റ് പ്ലീഡർമാരായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി3/1998/വനം തീയതി 6-9-1999)

കാവിലുംപാറയുമായി ബന്ധപ്പെട്ട കേസുകൾ ശരിയായ രീതിയിൽ നടത്തുന്നതിന് വീഴ്ചവരുത്തിയ ഗവൺമെന്റ് പ്ലീഡർമാർക്കെതിരെ നടപടി സ്വീകരിക്കുവാൻ 19-8-1996-ലെ 1553/ഇ 2/1996/വനം വന്യജീവി നമ്പർ കത്ത് പ്രകാരം സർക്കാർ ഉത്തരവായിരുന്നു. എന്നാൽ ടിയാൻ ഇപ്പോൾ സർവീസിലില്ലായെന്ന് കോഴിക്കോട് ജില്ലാ കളക്ടർ അറിയിച്ചിരുന്നു. സർവ്വീസിൽ നിന്നും പിരിഞ്ഞുപോയാലും ഗവൺമെന്റ് പ്ലീഡർക്കെതിരെ നടപടി സ്വീകരിക്കുവാൻ വ്യവസ്ഥയുള്ളതിനാൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് 12-2-1997-ലെ എൽ9/69496/1995 നമ്പർ കത്തുപ്രകാരം കളക്ടറോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

കാവിലുംപാറ വില്ലേജിൽ സ്വകാര്യ വനം നൽകിയതുമായി ബന്ധപ്പെട്ടുള്ള കേസ്സുകളിൽ പ്രാപ്തിയുള്ള പ്രഗത്ഭരായ ഗവൺമെന്റ് പ്ലീഡർമാരെ നിയമിക്കുന്നതിൻമേലുള്ള ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 8462/സി3/2003/വനം തീയതി 30-11-2005)

വീഴ്ച വരുത്തിയ ഗവൺമെന്റ് പ്ലീഡർമാരെ ഇതിനകം മാറ്റിയിട്ടുണ്ട്.

(മറുപടി 11-6-2008-ലെ സമിതിയോഗം അംഗീകരിച്ചു.)

<u>ശിപാർശ 11</u>

വനനശീകരണ പ്രവർത്തനങ്ങൾ തടയുന്നതിനും വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി സന്നദ്ധസംഘടനാ പ്രവർത്തകരുടെ സഹായം ഉപയോഗപ്പെടുത്തുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും പരിസ്ഥിതി സന്തുലിതാവസ്ഥയുടെയും വനസംരക്ഷണത്തിന്റെയും ആവശ്യകതയെപ്പറ്റി ശരിയായ ബോധവൽക്കരണം ജനങ്ങളിൽ എത്തിക്കുന്നതിനുമായി, സന്നദ്ധസംഘടനകളും, പരിസ്ഥിതി പ്രവർത്തകരുമായി സംയോജിച്ച് പൊതുജനപങ്കാളിത്തത്തോടുകൂടി ഒരു വനസംരക്ഷണ സമിതി, സർക്കാരിന്റെ ആഭിമുഖ്യത്തിൽ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 13984/സി3/1998/വനം തീയതി 6-9-1999)

1996 മുതൽ കേരളത്തിൽ നടപ്പിലാക്കിവരുന്ന കേരളാ ഫോറസ്ട്രി പ്രോജക്ടിൽ സന്നദ്ധസംഘടനാ പ്രവർത്തകരുടെ സഹകരണത്തോടെ വനസംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടുന്ന പരിപാടികൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

സന്നദ്ധസംഘടനകളും പരിസ്ഥിതി പ്രവർത്തകരുമായി സംയോജിച്ച് സർക്കാരിന്റെ ആഭിമുഖ്യത്തിൽ വനസംരക്ഷണ സമിതി രൂപീകരിക്കുന്നതിനുള്ള ശിപാർശ നടപ്പിലാക്കുന്നതിലേക്കായി രൂപീകരിച്ചിട്ടുള്ള സബ് കമ്മിറ്റിയിൽ പ്രിൻസിപ്പൽ

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ജനറൽ), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വേൾഡ് ബാങ്ക് പ്രോജക്റ്റ്), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വിജിലൻസ്), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വികസനം), ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (സംരക്ഷണം) എന്നിവർ അംഗങ്ങളും കൺസർവേറ്റർ ശ്രീ. പി. എൻ. ഉണ്ണികൃഷ്ണൻ കോ-ഓർഡിനേറ്ററുമാണ്. സന്നദ്ധസംഘടനകളും പരിസ്ഥിതി പ്രവർത്തകരുമായി ചർച്ച ചെയ്ത് വനസംരക്ഷണ സമിതികൾ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(മറുപടി 11-12-2002-ലെ സമിതിയോഗം പരിഗണിക്കുകയും ചുവടെപ്പറയും പ്രകാരം അധികവിവരം ആരായുകയും ചെയ്തു:)

സമിതി ആരാഞ്ഞ അധികവിവരം

വനനശീകരണ പ്രവർത്തനങ്ങൾ തടയുന്നതിനും വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിനുമായി ഒരു വനസംരക്ഷണ സമിതി രൂപീകരിക്കുന്നതിൻ മേലുള്ള ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞു.

സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി

**വനം-വന്യജീവി (സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 8462/സി3/2003/വനം തീയതി 30-11-2005)

കുറ്റ്യാടി റെയ്ഞ്ചിന്റെ പരിധിയിൽ വരുന്നതും ടി വനനശീകരണം നടന്നതുമായ സ്ഥലം ഉൾക്കൊള്ളിച്ചുകൊണ്ട് വനസംരക്ഷണ സമിതി രൂപീകരിച്ചിട്ടുണ്ട്.

(മറുപടി 11-6-2008-ലെ സമിതിയോഗം അംഗീകരിച്ചു)

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.